വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ. HARITHA V KUMAR)

വിഷയം: വനിത ശിശു വികസന വകുപ്പ് -ജീവനക്കാര്യം - 31.12.2019 വരെ ജോലിയിൽ പ്രവേശിച്ച ക്ലർക്ക്/ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:
1) വനിത ശിശു വികസന ഡയറക്ടറുടെ 01.03.2024 ലെ DWCD/6048/2023-E8 നം. ഉത്തരവ്
2) ഈ കാര്യാലയത്തിൽ നിന്നുള്ള 25.06.2024 ലെ DWCD/6048/2023-E8 നം. കത്ത്.
3) വിവിധ കാര്യാലയങ്ങളിൽ നിന്നും ലഭ്യമായ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ അപേക്ഷകൾ

<u>ഉത്തരവ് നം. DWCD/6048/2023-E8 തീയതി: 29-09-2024</u>

വനിത ശിശു വികസന വകുപ്പിൽ 31.12.2019 വരെ ജോലിയിൽ പ്രവേശിച്ച ക്ലർക്ക്/ക്ലർക്ക്-ടൈപ്പിസ്റ്റ് (ക്ലർക്ക് തസ്തികയിലേക്ക് യഥാസമയം ഓപ്ഷൻ നൽകിയവർ ) തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

വിവിധ കാലയളവുകളിൽ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ക്ലർക്ക് തസ്തികയിലേക്ക് യഥാസമയം ഓപ്ഷൻ സമർപ്പിച്ചവരുമായ ജീവനക്കാരുടെ ഓപ്ഷൻ ഫോം വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ കാര്യാലയമേധാവിമാർ സമർപ്പിക്കാതിരുന്നതിനാൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും ഓപ്ഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ/ആക്ഷേപം ലഭിക്കുകയുണ്ടായി. ഇത്തരത്തിൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ട ജീവനക്കാർക്ക് ഓപ്ഷൻ ഫോമുകൾ സമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം വിവിധ കാര്യാലയങ്ങളിൽ നിന്നും ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് യോഗ്യരായ ജീവനക്കാരെ കൂടി പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച ക്ലര്ക്കു്/ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികകളിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാതിരുന്നതും ക്ളാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ ഓപ്ഷൻ സമർപ്പിച്ചവരുമായ1) ശ്രീ. ശ്രീജിത്ത് പി (PEN:800827) 2) ശ്രീമതി. ശിൽപ്പ സുരേന്ദ്രൻ എസ്സ് (PEN:816834) 3) ശ്രീ. ഹരിഹരൻ കെ (PEN:818845) 4) ശ്രീ. ഷിബു പി പി (PEN:789977) 5) ശ്രീമതി. സുനിത കെ വി (PEN:798937) 6) ശ്രീമതി. സാനിബ കെ (PEN:861024) എന്നീ 6 ജീവനക്കാരുടെ ഓപ്ഷൻ ഫോം, നിയമന ശുപാർശ കത്ത്, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ മേൽ

സൂചിപ്പിച്ച 6 ജീവനക്കാരും പരാമർശം (1) പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടുന്നതിനു അർഹത ഉള്ളവരാണ് എന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ 31.12.2019 ന് മുൻപ് സർവീസിൽ പ്രവേശിച്ചതും നിശ്ചിത സമയ പരിധിക്കുള്ളിൽ ഓപ്ഷൻ ഫോറം സമർപ്പിച്ചതുമായ 6 ജീവനക്കാരെ നിയമന ശുപാർശയുടെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റിൽ ചുവടെ പറയുന്ന പ്രകാരം ഉൾപ്പെടുത്തി പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| sl. NO | Seniority no | NAME | PEN | Date of birth | Qualification( General) | Qualification( Special) | PSC Advice no &date | Order and Date of Appointment | Date of Joining | Order no & date of Declaration of Probation | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 42 A | SREEJITH P., CLERK TYPIST | 800827 | 25.10.1979 | Bcom. MCA, Type Writing Eng (H), Mal (L), DOEACC-A Level | MOP. A/C test (Lower) | No. D II (3) 2219/15(2) Dt. 02.05.2017 | E4/11126/17 dt. 24.6.2017 | 24.07.2017 | E4-7017/2020 (3) dated 18.6.2020 | Opted for Clerk |
| 2 | 49 A | SILPA SURENDRAN S., CLERK TYPIST | 816834 | 09.08.1991 | BCOM, MBA, JDC, Type Writing Eng(L &H), Mal (L), Word Processing | MOP. Account Test (L & H) | PTA II(2) 1720/2015 dtd.05.10.2017 PSC PTA | E4-11126/17 dtd.21.10.2017 | 06.11.2017 | E4-13005/2021 dtd.12.10.2021 | Opted for Clerk |
| 3 | 50 A | HARIHARAN K, Clerk Typist | 818845 | 05.02.1977 | B Sc, Bed. Type Eng.& Mal ( L) CDECO | MOP. A/C test (Lower) | PIV (1) 2492/15/2/ Dtd. 27.10.2017 | E4/11126/17 Dt.14.11.2017 | 29.11.2017 | E4-7017/20 Dtd.28.10.2020 | Ex-Servicemen Opted for Clerk |
| 4 | 54 A | SHIBU P P., CLERK TYPIST | 789977 | 25.05.1971 | SSLC | MOP | WR(II)(2) 1816/15 DTD.30.11.2017 | E2-11126/17 DTD.22.12.17 | 03.02.2018 | E4-7017/20 dtd.08.09.2020 | Opted for Clerk |
| 5 | 63 A | SUNITHA K V., CLERK TYPIST | 798937 | 24.03.1976 | B.COM, Diploma in Short hand & Typewriting (H) | | WRII (2) 1816/15 KPSC Wayanad Dtd: 21.02.2018 | E2-233/18 Dtd. 17.3.2018 | 04.04.2018 | E4-7017/20 Dtd 28.10.2020 | Opted for Clerk |
| 6 | 92 A | SANIBA K., CLERK TYPIST | 861024 | 10.01.1985 | VHSE, Diploma in Computer Engineering | MOP | RI(4)3362/15 Dtd. 14.3.2019 KPSC, Thrissur | E2-510/19 Dtd. 5.4.2019, SJD TVM | 26.04.2019 | E4-10002/21 dtd.12.10.2021 | Opted for Clerk |

പ്രസ്തുത ഭേദഗതിയോടെ പരാമർശം (1) ലെ സീനിയോറിറ്റി ലിസ്റ്റ് നിലനിൽക്കുന്നതാണ്

HARITHA V KUMAR, IAS
വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്: 1) ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയമേധാവികൾ മുഖാന്തിരം)

2) സൂപ്രണ്ട് ഐടി സെല്(വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)

3) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.